# 42

എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായ് ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണി തന്നിൽ ക്ലേശിപ്പാൻ
ഏതും കാര്യമില്ലെന്നെന്റെയുള്ളം ചൊല്ലുന്നു

1. വൈഷമ്യമുള്ളേതുകുന്നും കരകേറി നടകൊൾവാൻ
രക്ഷകനെൻ കാലുകൾക്കു വേഗമായ്
തീർന്നെൻ പാതയിൽ ഞാൻ മാനിനെപ്പോലോടിടും — എന്റെ

2. ആരുമെനിക്കില്ലെന്നോ ഞാൻ ഏകനായി തീർന്നുവെന്നോ
മാനസത്തിലാധിപൂണ്ടു ഖേദിപ്പാൻ
സാധു അന്ധനായി തീർന്നിടല്ലേ ദൈവമേ — എന്റെ

3. എന്റെ നിത്യ സ്നേഹിതന്മാർ ദൈവദൂത സംഘമത്രേ
ഇപ്പോളവർ ദൈവമുമ്പിൽ സേവയാം
എന്നെ കാവൽ ചെയ്തു ശുശ്രൂഷിപ്പാൻ വന്നിടും — എന്റെ

4. ദു:ഖിതനായോടിപ്പോയ് ഞാൻ മരുഭൂവിൽ കിടന്നാലും
എന്നെയോർത്തു ദൈവദൂതർ വന്നിടും
ഏററം സ്നേഹച്ചൂടോടപ്പവുമായ് വന്നിടും — എന്റെ

5. നാളെയെക്കൊണ്ടെന്മനസ്സിൽ ലവലേശം ഭാരമില്ല
ഒരോ നാളും ദൈവമെന്നെ പോററുന്നു
എന്റെ കൈകളിൽ ഞാൻ ദിനം തോറും ചാരുന്നു — എന്റെ

6. കാക്കകളെ വിചാരിപ്പിൻ വിതയില്ല കൊയ്ത്തുമില്ല
ദൈവം അവയ്ക്കായി വേണ്ടതേകുന്നു
ലില്ലി പുഷ്പങ്ങൾക്കുമവൻ ശോഭ നൽകുന്നു — എന്റെ

7. പത്മോസ് ദ്വീപിൽ ഏകനായ് ഞാൻ വസിച്ചാലും ഭയമില്ല
സ്വർഗ്ഗം തുറന്നെന്റെ പ്രിയൻ വന്നിടും
മഹാ ദർശനത്താൽ വിവശനായ് തീരും ഞാൻ — എന്റെ

8. ഹാ, മഹേശാ കരുണേശാ പൊന്നുനാഥാ നീയെനിക്കായ്
വേണ്ടതെല്ലാം കൃപ തോന്നി നൽകുമ്പോൾ
എന്റെ ദേഹി വൃഥാ കലങ്ങുന്നതെന്തിനായ് — എന്റെ